**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 30.05.2024**

## പ്രധാനവാർത്തകൾ

1. ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും ; ജൂൺ ഒന്നിന് 57 മണ്ഡലങ്ങൾ വിധിയെഴുതും.
2. പ്രധാനമന്ത്രി നരേന്ദ്രമോദി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കന്യാകുമാരിയിലെത്തും ; വിവേകാനന്ദപ്പാറയിലെ ധ്യാനത്തിന് ശേഷം അദ്ദേഹം ശനിയാഴ്ച മടങ്ങും.
3. സംസ്ഥാനത്ത് കാലവർഷമെത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് ; ഇന്ന് 14 ജില്ലകളിലും മഞ്ഞ ജാഗ്രത.
4. തിരുവനന്തപുരം മുതലപ്പൊഴിയിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് രണ്ടു മാസത്തേക്ക് ഹാർബർ അടച്ചിടണമെന്ന് നിർദ്ദേശിച്ച് മന്ത്രി സജി ചെറിയാൻ.
5. നോർവേ ചെസ് മത്സരത്തിലെ മൂന്നാം റൗണ്ടിൽ ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസനെതിരെ ഇന്ത്യയുടെ ആർ. പ്രഗ്നാനന്ദക്ക് അട്ടിമറി ജയം.

***************************

PNUTVPM

## ഏഴാംഘട്ട തിരഞ്ഞെടുപ്പ്

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. ജൂൺ ഒന്നിന് 57 മണ്ഡലങ്ങളിലാണ് അവസാന ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. ഏഴ് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ചണ്ഡീഗഢിലുമായി 904 സ്ഥാനാർത്ഥികളാണ് ഏഴാം ഘട്ടത്തിൽ ജനവിധി തേടുന്നത്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവു മായ നരേന്ദ്ര മോദി ഇന്ന് പഞ്ചാബിലെ ഹോഷിയാർപൂരിൽ തിരഞ്ഞടുപ്പ് പ്രചാരണ റാലിയിൽ പങ്കെടുത്തു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഒഡീഷയിലെ ബാലാസോറിൽ പൊതുസമ്മേളനത്തിൽ പങ്കെടുക്കും. ഏഴാം ഘട്ട തിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ 13 വീതവും പശ്ചിമ ബംഗാളിൽ 9 ഉം ബീഹാറിൽ 8 ഉം ഒഡീഷയിൽ ആറും ജാർഖണ്ഡിൽ മൂന്നും, ഹിമാചൽപ്രദേശിൽ നാലും, ചണ്ഡിഗഢിലെ ഒരു ലോക്സഭാ മണ്ഡലത്തിലുമാണ് വോട്ടെടുപ്പ് നടക്കുന്നത്. എല്ലാ ഘട്ടത്തിലേയും വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

RIUTVPM

****************************************

## പ്രധാനമന്ത്രി-കന്യാകുമാരി

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് കന്യാകുമാരിയിലേക്ക് പോകും. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് വൈകിട്ട് നാലരയോടെ കന്യാകുമാരിയിൽ ഹെലിപാഡിൽ അദ്ദേഹം എത്തിച്ചേരും. കന്യാകുമാരി ദേവീക്ഷേത്രത്തിൽ ദർശനം നടത്തുന്ന പ്രധാനമന്ത്രി വിവേകാനന്ദ സ്മാരകത്തിലെ ധ്യാന മണ്ഡപത്തിൽ ധ്യാനത്തിൽ മുഴുകും. പിന്നീട് ശനിയാഴ്ച

വൈകിട്ട് കന്യാകുമാരിയിൽ നിന്നും ഹെലികോപ്ടർ മാർഗ്ഗം തിരുവനന്തപുരം വിമാനത്താളത്തിലെത്തുന്ന അദ്ദേഹം ഡൽഹിയ്ക്ക് മടങ്ങും.

*****************************

## മഴ - കേരളം

സംസ്ഥാനത്ത് തെക്കു പടിഞ്ഞാറൻ കാലവർഷം എത്തിയതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ജൂണിൽ പ്രതീക്ഷിച്ചതിനേക്കാൾ രണ്ട് ദിവസം മുമ്പാണ് തെക്കുപടിഞ്ഞാറൻ കാലവർഷം എത്തുന്നത്. ചില വടക്ക് - കിഴക്കൻ സംസ്ഥാനങ്ങളിലേക്ക് വ്യാപിക്കാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. ദക്ഷിണ അറബിക്കടൽ, മാൽദീവ്സ്, കന്യാകുമാരി, ലക്ഷദ്വീപ്, കേരളം, ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിലേക്ക് കൂടുതൽ മുന്നേറുന്നതിന് അനുകൂലമായ സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. കേരള തീരത്ത് ഇന്നും നാളെയും മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. ഉയർന്ന തിരമാല മുന്നറിയിപ്പും നൽകിയിട്ടുണ്ട്. ലക്ഷദ്വീപിലും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNUTVPM

*****************************

## മഴ- തിരുവനന്തപുരം ... ഇൻട്രോ

തിരുവനന്തപുരത്ത് ഇന്നലെ പെയ്ത മഴയിൽ വ്യാപക നാശ നഷ്ടം. കനത്ത മഴയെ തുടർന്ന് നഗരത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

(വോയ്സ്)

****************************

## കൊല്ലം മഴ

മഴയിലും മണ്ണൊലിപ്പിലും കൊല്ലം മൺറോത്തുരുത്തിലേക്കുള്ള ഇടിയക്കടവ് പാലത്തിന് കേടുപാട് സംഭവിച്ചു. ഇതോടെ മൺറോതുരുത്തിലേക്കുള്ള
ഏക യാത്രാമാർഗ്ഗം തടസ്സപ്പെട്ടു.

****************************

## മഴ - കോട്ടയം

കനത്തമഴ, വെള്ളപ്പൊക്കം എന്നിവയെത്തുടർന്ന് കോട്ടയം ജില്ലയിൽ 103 കുടുംബങ്ങളിലെ 398 പേരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി. ഇന്നലെ കോട്ടയത്ത് ആറ് ദുരിതാശ്വാസ ക്യാമ്പുകൾ കൂടി തുറന്നതോടെ ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം 17 ആയി. ക്യാമ്പുകളിൽ ആരോഗ്യവകുപ്പിന്റെയടക്കം സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

PNU TVPM

****************************

## മഴ- ആലപ്പുഴ

കനത്തമഴയെ തുടർന്ന് ആലപ്പുഴയിൽ മഴക്കെടുതികൾ രൂക്ഷമായി തുടരുന്നു. മഴയും കിഴക്കൻ വെള്ളത്തിൻറെ വരവും കാരണം കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നു. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങി. പമ്പാ, മണിമല ആറുകളിലെ ജലനിരപ്പ് ഉയരുന്നതാണ് കുട്ടനാട്ടിൽ വെള്ളപ്പൊക്ക ഭീഷണിക്ക് കാരണം. കനത്തമഴയ്ക്കൊപ്പം ശക്തമായ കാറ്റും വീശിയടിക്കുകയാണ്. കുട്ടനാട്ടിലെ മുട്ടാർ പഞ്ചായത്തിലാണ് വെള്ളപ്പൊക്ക ദുരിതം ഏറ്റവും രൂക്ഷം. വെള്ളക്കെട്ടിൽ കാൽ വഴുതി വീണ് ഒരാൾ മരിച്ചു.

ചേർത്തല സ്വദേശി അശോകനാണ് മരിച്ചത്. വീടിന് സമീപത്തുള്ള മീൻ വളർത്തുന്ന പാടത്ത് വഴുതി വീണാണ് അപകടമുണ്ടായത്. അതേസമയം, റോഡിൽ വെള്ളം കയറിയതിനെ തുടർന്ന് നിർത്തി വെച്ച തായങ്കരി - എടത്വാ റൂട്ടിലെ ബസ് സർവ്വീസ് പിന്നീട് പുനരാരംഭിക്കുമെന്ന് കെ.എസ്.ആർ.ടി.സി അറിയിച്ചു. ജില്ലയിലെ 17 ദുരിതാശ്വാസ ക്യാമ്പുകളിലായി 950 പേരാണ് കഴിയുന്നത്.

****************************

## മഴ-എറണാകുളം

എറണാകുളം ജില്ലയിൽ ഇന്നലെ പെയ്ത ശക്തമായ മഴയെ തുടർന്ന് കളമശ്ശേരി, കാക്കനാട്, ഇടപ്പള്ളി ഉൾപ്പെടെയുള്ള നഗരത്തിലെ പല ഭാഗങ്ങളിലും വെള്ളക്കെട്ടും, ഗതാഗതക്കുരുക്കും അനുഭവപ്പെട്ടു. കളമശ്ശേരി ഭാഗത്ത് നിരവധി വീടുകളിൽ വെള്ളം കയറി. ചിലയിടങ്ങളിൽ മണ്ണ് ഇടിഞ്ഞും, മരങ്ങൾ കടപുഴകി വീണും വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. രാത്രി വലിയതോതിൽ മഴ പെയ്യാത്തതിൻറെ ആശ്വാസത്തിലാണ് നഗരവാസികൾ.

RNUTVPM

****************************

## മുതലപ്പൊഴി - സജി ചെറിയാൻ

തിരുവനന്തപുരം മുതലപ്പൊഴിയിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് രണ്ടു മാസത്തേക്ക് ഹാർബർ അടച്ചിടാൻ മത്സ്യതൊഴിലാളികൾ സഹകരിക്കണമെന്ന് മന്ത്രി സജി ചെറിയാൻ. മഴക്കാലത്ത് പൊഴിയിലൂടെ മത്സ്യബന്ധനത്തിന് പോകരുതെന്നും മന്ത്രി ആവശ്യപ്പെട്ടു. മുതലപ്പൊഴി അപകടരഹിതമാക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 164 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ കേന്ദ്രം അനുമതി

നൽകിയതായും മൂന്ന് മാസത്തിനകം നിർമാണം ആരംഭിക്കാനാകുമെന്നും മന്ത്രി പറഞ്ഞു .

****************************

## കീം പരീക്ഷ

സംസ്ഥാനത്ത് കീം പരീക്ഷ ആദ്യമായി ഓൺലൈനിൽ നടക്കും. ജൂൺ അഞ്ചു മുതൽ ഒൻപതു വരെയാണ് പരീക്ഷ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 198 കേന്ദ്രങ്ങളാണ് പരീക്ഷക്കായി ഒരുക്കിയിട്ടുള്ളത്. ഡൽഹിയിലെ രണ്ട് കേന്ദ്രങ്ങളിലും മുംബൈ, ദുബായ് എന്നിവിടങ്ങളിലെ ഓരോ കേന്ദ്രങ്ങളിലും പരീക്ഷ നടക്കും.

****************************

RJU TVPM

## കൺസഷന് ഓൺലൈൻ രജിസ്ട്രേഷൻ

2024 - 25 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്കുള്ള കൺസഷന്, ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തി കെഎസ്ആർടിസി. കെഎസ്ആർടിസി യൂണിറ്റുകളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള തിരക്കും കാലതാമസവും ഒഴിവാക്കുന്നതിനാണു പുതിയ സംവിധാനം ഏർപ്പെടുത്തുന്നത്. രജിസ്ട്രേഷനായി www.concessionksrtc.com എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. സ്വന്തമായോ അക്ഷയ, ഫ്രണ്ട്സ് തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ മുഖേനയോ വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൺസെഷൻ കാർഡ് ലഭ്യമാകുന്ന ദിവസം ഏതെന്ന് SMS വഴി അറിയാൻ സാധിക്കും.

****************************

## സസ്പെൻഡ് ചെയ്തു

രാമവർമപുരം കേരള പോലീസ് അക്കാദമിയിൽ വനിതാ ഉദ്യോഗസ്ഥയോട് ലൈംഗീകാതിക്രമം നടത്തിയ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തു. അക്കാദമിയിലെ ഓഫീസർ കമാൻഡൻറ് പ്രേമനെ ആണ് അക്കാദമി ഡയറക്ടർ എ.ഡി.ജി.പി പി വിജയൻ സസ്പെൻഡ് ചെയ്തത്. വനിതാ ഉദ്യോഗസ്ഥയുടെ പരാതിയിൽ ആഭ്യന്തര അന്വേഷണ സമിതി നടത്തിയ അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി.

****************************

## ഹജ്ജ് ... ഇൻട്രോ

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ ഹജ്ജ് വിമാനം മറ്റന്നാൾ യാത്ര തിരിക്കും. ഹജ്ജ് ക്യാമ്പ് നാളെ തുടങ്ങും. യാത്രയ്ക്കുള്ള എല്ലാ സജ്ജീകരണങ്ങളും ഒരുങ്ങിക്കഴിഞ്ഞതായി സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

RNUTVPM

****************************

## ചെസ്

നോർവേ ചെസ് മത്സരത്തിലെ മൂന്നാം റൗണ്ടിൽ ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസനെതിരെ അട്ടിമറി ജയവുമായി ഇന്ത്യയുടെ ആർ. പ്രഗ്നാനന്ദ. ക്ലാസിക്കൽ ചെസ്സ് ഫോർമാറ്റിൽ കാൾസനെതിരെയുള്ള പ്രഗ്നാനന്ദയുടെ ആദ്യ വിജയമാണിത്. മൂന്നാം റൗണ്ടിൽ വെള്ള കരുക്കളുമായാണ് പ്രഗ്നാനന്ദ കളിച്ചത്. ഇതോടെ 5.5 പോയിൻറുമായി പ്രഗ്നാനന്ദ ടൂർണമെൻറിൽ മുന്നിൽ എത്തി.

****************************

## പാരിസ് ഒളിമ്പിക്സ് യോഗ്യത

പാരിസ് ഒളിമ്പി ക്സ് യോഗ്യത ലക്ഷ്യമിട്ട് മലയാളി താരങ്ങൾ ഇന്ന് ട്രാക്കിൽ. ചെന്നൈയിൽ ഇന്ത്യൻ ഗ്രീൻപ്രീ അത്ലറ്റിക്സിൽ കേരളത്തിൻറെ M.P ജാബിർ, അബ്ദുല്ല അബൂ ബക്കർ, ജിസ്ന മാത്യു എന്നിവർ മത്സരിക്കും.

****************************

## വ്യാപക പരിശോധന- കണ്ണൂർ ജില്ല

സ്കൂളുകൾക്ക് സമീപം നിരോധിത പുകയില ഉത്പന്നങ്ങളുടെയും ലഹരി വസ്തുക്കളുടെയും വില്പന തടയുന്നതിനായി കണ്ണൂർ ജില്ലയിൽ വ്യാപക പരിശോധന നടത്തി ശക്തമായ നടപടി എടുക്കാൻ തീരുമാനം. പൊലീസ്, എക്സൈസ്, ആരോഗ്യ, തദ്ദേശ സ്വയം ഭരണ, വിദ്യാഭ്യാസ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സംഘമായിരിക്കും പരിശോധനകൾ നടത്തുക.

**************************************************************************************************

RNU TVPM